പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2872 — 12.10.2011-ൽ മറുപടിയ്ക്ക്

## ജൈവ കൃഷി നയം

| *ചോദ്യം* | | *മറുപടി* | |
|---|---|---|---|
| | ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി ഗീതാ ഗോപി | | ശ്രീ. കെ.പി. മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്ത് ഒരു ജൈവ കൃഷി നയം ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ നയം ആവിഷ്ക്കരിച്ചിട്ട് എത്ര കാലമായി ; | (എ) | സംസ്ഥാനത്ത് ഒരു ജൈവ കൃഷി നയം ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (പി നമ്പർ 39/2010/കൃഷി 10.2.2010 പ്രകാരം 10.2.2010 മുതൽ പ്രസ്തുത നയം നിലവിൽ വന്നു. |
| (ബി) | ഈ നയത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | കാർഷിക വ്യവസ്ഥയെ സുസ്ഥിരവും ലാഭകരവും മത്സരക്ഷമതയാർന്നതും എവർക്കും വിഷവിമുക്തമായ മണ്ണ്, വെള്ളം, ഭക്ഷണം എന്നിവ പ്രദാനം ചെയ്യാൻ സഹായിക്കുക, ഭക്ഷ്യകാർഷികോല്പാദനത്തിൽ സ്വാശ്രയശീലം വളർത്തുക, മണ്ണ് ജലസംരക്ഷണം ഉറപ്പാക്കുക. കാർഷിക ജൈവവൈവിധ്യം സസ്യ ജൈവവൈവിധ്യം സംരക്ഷിക്കുക, കൃഷി കന്നുകാലി പരിപാലനം, മീൻ വളർത്തൽ, കോഴി-താറാവ് വളർത്തൽ. തേനീച്ച വളർത്തൽ എന്നിവയടങ്ങിയ മിശ്രിത കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്നതാണ് ഈ കൃഷി നയം. ഇവ നടപ്പിലാക്കുന്നതിന് തന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജൈവകൃഷി സമ്പ്രദായം വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) | ഘട്ടം ഘട്ടമായി ജൈവകൃഷിയിലേയ്ക്ക് നീങ്ങുന്നതിനുള്ള ഒരു നയത്തിനാണ് സംസ്ഥാന സർക്കാർ രൂപം നൽകി പ്രഖ്യാപിച്ചത്. കേരളത്തിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനു സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2010-11 വർഷം സ്റ്റേറ്റ് ഓർഗാനിക് ഫാമിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 100 ലക്ഷം രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തു. 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലെ 900 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000 രൂപ നിരക്കിൽ നെല്ല്, പച്ചക്കറി കിഴങ്ങുവർഗ്ഗം സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്നതിന് സഹായം നൽകി. 2011-12 വർഷം പദ്ധതി നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം സംസ്ഥാനത്ത് 3,500/- ഹെക്ടർ സ്ഥലത്ത് പുതുതായി ജൈവകൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 2010-11 വർഷം ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി തുടരാൻ 2-ാം വർഷവും സഹായധനം നൽകുന്നതാണ്. ഇതിനു പുറമെ പരിശീലനം, ബോധവൽകരണം ജൈവഉല്പന്നങ്ങളുടെ വിപണനം എന്നിവക്കുള്ള സൗകര്യങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകി വരുന്നു. പൈനാപ്പിൾ, ഇഞ്ചി, വാഴ, |

പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടികൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 20000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10000 രൂപ അനുവദിക്കുന്നതാണ്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗരേഖ പ്രകാരം ഹെക്ടറൊന്നിന് 10,000 രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്ന ധനസഹായം മൂന്ന് ഗഡുക്കളായിട്ടാണ് നൽകുന്നത്. ആദ്യ വർഷം 4000 രൂപയും രണ്ടാമത്തെയും മൂന്നാമത്തെയും വർഷം 3000 രൂപ വീതവും നൽകുന്നതായിരിയ്ക്കും. 2011-12-ൽ ഈ വിളകളിൽ ജൈവകൃഷി പ്രാവർത്തികമാക്കുന്നതിന് 1500 ഹെക്ടർ സ്ഥലത്തേയ്ക്ക് 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

ജൈവ ഉത്പ്പന്നങ്ങളുടെ സർട്ടിഫിക്കേഷനു വേണ്ടി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായം നൽകുന്നുണ്ട്. 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി ഇതിന്റെ സർട്ടിഫിക്കേ

ഷനുവേണ്ടി അഞ്ച് ലക്ഷം രൂപ അനുവദിക്കുന്നതാണ്. സർട്ടിഫി ക്കേഷനുള്ള 5 ലക്ഷം രൂപ ആദ്യ രണ്ട് വർഷങ്ങളിൽ 1.50 ലക്ഷം രൂപ വീതവും, മൂന്നാമത്തെ വർഷം 2 ലക്ഷം രൂപ എന്ന നിരക്കിലും ലഭ്യമാക്കു ന്നതാണ്. 2011-12-സാമ്പത്തിക വർഷത്തിൽ ദേശീയ ഹോർട്ടി ക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം 1500 ഹെക്ടർ സ്ഥലത്തേക്ക് 45 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോത് സാഹനവും സർട്ടിഫിക്കേഷനും പദ്ധതിയധിഷ്ഠിതമായാണ് നടപ്പി ലാക്കുന്നത്.

കൂടാതെ 30'x 8'x 2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റൊന്ന് നിർമ്മിക്കുന്നതിന് മൊത്തം 60,000 രൂപ ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 30,000 രൂപ അനുവദിക്കുന്നതാണ്.200 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മി ക്കുന്നതിന് 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് 2011-12-ൽ അനുമതി ലഭിച്ചിട്ടുണ്ട്.

വെജിറ്റബിൾ ആൻഫ്രൂട്ട് പ്രൊ മോഷൻ കൗൺസിലിന്റെയുടെ ആഭിമുഖ്യത്തിൽ 2011-12 വർഷത്തിൽ ജൈവ പച്ചക്കറി കൃഷി വ്യാപന ക്യാമ്പ് 200 എണ്ണം പ്ലാൻ ചെയ്യുകയും നടപ്പിലാക്കുകയും

ചെയ്തു. കൂടാതെ ജൈവകൃഷി സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 14 സെമിനാറുകളും 25 പഠനയാത്രകളും 34 മാതൃക പ്രദർശന തോട്ടങ്ങളും നടത്തുവാൻ പ്ലാൻ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം 2010-11 വർഷത്തിൽ രൂപം കൊടുത്ത 70 ജൈവ ക്ലബ്ബുകൾ ശക്തിപ്പെടുത്തുകയും സംസ്ഥാനത്താകെ 6600 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ജൈവരീതിയിൽ വ്യാപിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

R. R. Adiga

സെക്ഷൻ ഓഫീസർ